SUNDAY 22/12/2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

Government of Kerala

Chief Editor: Nizam S A   Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/12/2024

1. ഈ വർഷത്തെ 'കരപ്പുറം കാഴ്ച്ച' കാർഷിക പ്രദർശന-വിപണന, സാംസ്കാരിക, കലാമേള ഡിസംബർ 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് മൈതാനത്ത് നടക്കുന്നു. നൂറിലധികം പ്രദർശന വിപണന സ്റ്റാളുകൾ, കാർഷിക സെമിനാറുകൾ, ബി 2 ബി മീറ്റുകൾ, ഇൻകുബേറ്റർ സെൻറർ, കാർഷിക വായ്പാ സഹായകേന്ദ്രങ്ങൾ, കാർഷിക പഠന ക്ലാസുകൾ, തദ്ദേശീയ കലാകാരന്മാരുടെ കലാസാംസ്കാരിക പരിപാടികൾ എന്നിവ കരപ്പുറം കാഴ്ചയോടനുബന്ധിച്ച് നടക്കുന്നു.

2. ഉത്തരമേഖലാ കാർഷിക ഗവേഷണ കേന്ദ്രം 2025 ജനുവരി 1 മുതൽ 20 വരെ നടത്തുന്ന ഫാം കാർണിവലിൽ വിവിധ വിഷയങ്ങളിൽ പരിശീലന സെമിനാറുകൾ നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ 8075659289 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ WCT നാടൻ തെങ്ങിൻ തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വില ഒന്നിന് 120 രൂപ. ഫോൺ നമ്പർ 0487-2961457.

4. നാളികേര വികസന ബോർഡിന്റെ കേര സുരക്ഷാ ഇൻഷുറൻസ് പദ്ധതി തെങ്ങുകയറ്റ തൊഴിലാളികൾക്കും, നീര ടെക്നീഷ്യൻമാർക്കും പരമാവധി ഏഴ് ലക്ഷം രൂപ വരെ അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ അഞ്ച് ലക്ഷം രൂപയാണ് ഇൻഷുറൻസ് പരിരക്ഷയായി നൽകിയിരുന്നത്. രണ്ട് ലക്ഷം രൂപ വരെ ചികിത്സാ ചിലവുകൾക്കുള്ള ധനസഹായമായും ലഭിക്കും. 18 നും 65 നും ഇടയിൽ പ്രായമുള്ള തെങ്ങുകയറ്റ തൊഴിലാളികൾക്കും, നീര ടെക്നീഷ്യൻമാർക്കും ഒരു വർഷത്തേക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

ഗുണഭോക്തൃ വിഹിതമായ 239/- രൂപ വാർഷിക പ്രീമിയമായടച്ച് ഇൻഷുറൻസ് പരിരക്ഷ നേടാവുന്നതാണ്. നാളികേര വികസന ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം ആദ്യ വർഷം ഇൻഷുറൻസ് പരിരക്ഷ സൗജന്യമായി ലഭിക്കും. കൃഷി ഓഫീസർ/പഞ്ചായത്ത് പ്രസിഡൻറ്/കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ ഭാരവാഹികൾ/ സിപി സി ഡയറക്ടർ തുടങ്ങിയവർ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ അപേക്ഷ ഫോറം, വയസ്സ് തെളിയിക്കുന്ന രേഖയോടൊപ്പം, ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ ഓൺലൈൻ പേയ്മെൻറ് സഹിതം ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, എസ്ആർവി റോഡ്, കൊച്ചി - 682011, എന്ന വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് നാളികേര വികസന ബോർഡിന്റെ വെബ്സൈറ്റിലോ www.coconutboard.gov.in, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗവുമായോ, 0484-2377266, Ext. 255 ബന്ധപ്പെടുക.

5. ക്ഷീര വികസന വകുപ്പ് 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട വിവിധ സ്കീമുകൾക്കായി, ക്ഷീരശ്രീ പോർട്ടൽ ksheerasree.kerala.gov.in മുഖേന 16.12.2024 മുതൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

6. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചുങ്കത്തറ ജില്ലാ കൃഷി ഫാമിൽ ജനുവരി രണ്ട് മുതൽ ആറ് വരെ  അന്താരാഷ്ട്ര കാർഷിക പ്രദർശന വിപണന മേള നിറപൊലി അഗ്രി എക്സ്പോ നടത്തുന്നു. സംസ്ഥാന കാർഷിക വികസന- കർഷക കേ വകുപ്പിൻറെ സ്ഥാപനങ്ങളുടെ സ്റ്റാളുകൾക്ക് പുറമെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രാജ്യത്തെ വിവിധ സ്ഥാപനങ്ങളുടെ നൂറോളം സ്റ്റാളുകൾ മേളയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടാവും. വിവിധങ്ങളായ നടീൽ വസ്തുക്കൾ, മൂല്യവർധിതകാർഷികോൽപന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയും മേളയിലുണ്ടാവും. ആധുനിക കാർഷിക യന്ത്രസാമഗ്രികളുടെ പ്രദർശനം, വിദ്യാർഥികൾക്കായി വിവിധ മൽസരങ്ങൾ, കുട്ടികൾക്കുള്ള പിക്നിക് പാർക്ക് ഫുഡ് കോർട്ട് തുടങ്ങിയവയും സജ്ജീകരിക്കും. മേളയോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ കാർഷിക സെമിനാറുകളും സംഘടിപ്പിക്കുന്നു.

**കാർഷിക നിർദ്ദേശം**

7. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ ജലസേചനത്തിന് ഗണ്യമായ പങ്കുണ്ട്. ജലസേചനം കൊണ്ടുള്ള പ്രയോജനം നന തുടങ്ങി രണ്ടു കൊല്ലം മുതൽ പ്രകടമാകും. തൈ തെങ്ങുകൾ പെട്ടെന്ന് കായ്ഫലം തരുന്നതിനും, പൂങ്കുലകളിൽ കൂടുതൽ പെൺപൂക്കൾ ഉണ്ടാവുന്നതിനും, മച്ചിങ്ങ പൊഴിച്ചിൽ നിയന്ത്രിക്കുന്നതിനും, നാളികേരത്തിന്റെ വലിപ്പം കൂട്ടുന്നതിനും ജലസേചനം കൊണ്ട് കഴിയും. ഒരിക്കൽ നന ആരംഭിച്ചാൽ ആ തോട്ടത്തിൽ തുടർന്ന് എല്ലാവർഷവും നനയ്ക്കുവാൻ ശ്രദ്ധിക്കണം. നനയുള്ള തെങ്ങുകൾക്ക് കുടുതൽ തവണകളായി വളംചേർക്കാം. ജലസേചന സൗകര്യം ഇല്ലാത്ത തെങ്ങിൻതോപ്പുകളിൽ പുതയിട്ട് ഈർപ്പം നിലനിർത്തണം.തെങ്ങോലകൾ ഉപയോഗിച്ചോ, തൊണ്ട്മലർത്തി അടുക്കിയോ, ചപ്പുചവറുകൾ ഇട്ടോ ഈർപ്പം സംരക്ഷിക്കാം. പുതുതായി നട്ട തെങ്ങിൻ തൈകൾക്ക് തണൽ കൊടുക്കണം. തെങ്ങോല, വാഴത്തട എന്നിവ ഉപയോഗിച്ച് മണ്ണിരയുടെ സഹായത്താൽ നല്ല മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാം. ഈ കമ്പോസ്റ്റ് നൽകുന്നത് വഴിതെങ്ങിന് നൽകുന്ന രാസവളങ്ങളുടെ ഗണ്യമായ ഒരു ഭാഗം കുറയ്ക്കാൻ സാധ-ക്കും. തോട്ടത്തിൽ ചപ്പുചവറുകൾ കൂട്ടിയിട്ട് പുകയ്ക്കുന്നത് പല കീടങ്ങളെയും നശിപ്പിക്കാൻ ഉപകരിക്കും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം